"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-21-10-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്- 'എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ' എന്ന പദ്ധതിയ്ക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2393/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/12/2020

---

പരാമർശം:- 1 തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.20 ലെ കത്ത്

2 21.10.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.47-ാം നമ്പർ തീരുമാനം

**ഉത്തരവ്**

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലായി 395 പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനായി 19,79,000/- രൂപ അടങ്കലിൽ ആവിഷ്കരിച്ച പദ്ധതിയ്ക്ക്, വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പ്രോജക്ട് ആയതിനാൽ, ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതിനെത്തുടർന്ന് സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. ഇക്കാര്യം പരിഗണിച്ച 27.05.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഏതൊക്കെ പഞ്ചായത്തുകളിൽ ഏതൊക്കെ സ്കൂളിലെ കുട്ടികൾക്കാണ് ഫർണിച്ചർ നൽകുന്നതെന്നും ഫർണിച്ചറുകൾ ഏതൊക്കെയാണെന്നും നിർവഹണ രീതി എങ്ങനെയാണെന്നും വിശദമാക്കാൻ നിർദ്ദേശിച്ചിരുന്നു. ടി തീരുമാനത്തിന്മേൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് സഹിതം സമർപ്പിച്ച അപേക്ഷ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം (2) പ്രകാരം പ്രത്യേകാനുമതി നൽകാൻ തീരുമാനിക്കുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലായി 395 പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നൽ കുന്നതിനായി 19,79,000/- രൂപ അടങ്കലിൽ ആവിഷ്കരിച്ച പ്രോ:നമ്പർ - 21/21 - 'എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ' എന്ന പദ്ധതിയ്ക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എന്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്,തൃശ്ശൂർ

ജില്ലാ പ്ലാനിംഗ് ഓഫീസർ,തൃശ്ശൂർ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.12.2[illegible] 10:43:29 IST
Reason: Approved

സെക്ഷൻ ഓഫീസർ